## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 487** **30-01-2024 - ൽ മറുപടിയ്ക്ക്**

## നികുതി വെട്ടിപ്പ് തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മതിയായ പരിശോധനയില്ലാത്തതിനാൽ അന്തർസംസ്ഥാന ചരക്കു നീക്കത്തിൽ വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ചെക്ക്പോസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടയാൻ അതിർത്തികളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. സംവിധാനത്തിൽ രാജ്യമെമ്പാടും ചെക്ക്പോസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടയാൻ ചരക്കു വാഹനങ്ങളെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിരീക്ഷിക്കുകയും പരിശോധനാവിധേയമാക്കുകയും ചെയ്തുവരുന്നുണ്ട്. എ.എൻ.പി.ആർ ക്യാമറ വഴിയും വാഹനങ്ങളെ നിരീക്ഷിച്ചു വരുന്നുണ്ട്.<br><br>ഇതു കൂടാതെ നികുതി വെട്ടിച്ച ഏതെങ്കിലും ചരക്ക് കേരളത്തിൽ വിറ്റാൽ അതു കണ്ടെത്തി നികുതിയും പിഴയും പലിശയും ഈടാക്കാനുള്ള ഇന്റലിജൻസ് സംവിധാനവും കേരളത്തിൽ ഉടനീളം പ്രവർത്തിക്കുന്നു. വ്യാപാരികളുടെ കണക്ക് ഓഡിറ്റ് ചെയ്ത് നികുതി ചോർച്ച കണ്ടെത്താനുള്ള സംവിധാനവും നികുതി വകുപ്പിന്റെ പുന:സംഘടനയിലൂടെ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള ഇ-വേ ബിൽ സമ്പ്രദായത്തിന്റെ നിലവിലെ പുരോഗതി എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | 50000 രൂപയ്ക്കു മുകളിൽ മൂല്യമുള്ള ചരക്കുകളുടെ നീക്കം വാഹനങ്ങളിലൂടെ നടത്തുമ്പോൾ ഇ-വേ ബിൽ നിർബന്ധമായും എടുത്തിരിക്കണം. ഇത്തരത്തിൽ ഇ-വേ ബിൽ എടുക്കാതെ ചരക്കു നീക്കം നടത്തുന്നതായി കണ്ടെത്തപ്പെടുന്നവർക്കെതിരെ ജി.എസ്.ടി. നിയമപ്രകാരം എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നടപടികൾ സ്വീകരിച്ചുപോരുന്നു. ഇത്തരം ഇ-വേ ബില്ലുകളിൽ നിന്നും സൃഷ്ടിക്കപ്പെടുന്ന റിപ്പോർട്ടുകൾ |

| | | | |
|---|---|---|---|
| | | | ക്രോഡീകരിച്ചുകൊണ്ട് ഇന്റലിജൻസ് നടപടികളും നടത്തിപ്പോരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ